# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ഇന്ദിര ആവാസ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1152 — 12.07.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.സി. ജോസഫ്**<br>**ശ്രീ. വി.എസ്. ശിവകുമാർ**<br>**ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. അനിൽ അക്കര** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ഗ്രാമീണ മേഖലയിൽ നടപ്പിലാക്കിയ ഇന്ദിര ആവാസ് യോജന പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് ഗ്രാമീണ മേഖലയിൽ നടപ്പിലാക്കിയ ഇന്ദിര ആവാസ് യോജന പദ്ധതിയിലൂടെ ആകെ 247493 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര വീട്ടുകളുടെ പണി പൂർത്തിയാക്കിയെന്നും ഇതിനായി ചെലവായ തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) | ടി പദ്ധതിയനുസരിച്ച് 183834 വീടുകൾ പൂർത്തിയാക്കുകയും അതിനായി 122013.04 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | 2011-2016 ഭരണകാലത്ത് പൊതുവിഭാഗത്തിനും എസ്.സി/എസ്.ടി വിഭാഗത്തിനും ഭവന നിർമ്മാണത്തിനായി സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ഉണ്ട്. 02-01-2012-ലെ സ.ഉ.(കൈ) നം. 02/2012/ത.സ്വ.ഭ.വ, 16-03-2012-ലെ സ.ഉ.(കൈ) നം. 68/2012/ത.സ്വ.ഭ.വ, 23-06-2015-ലെ സ.ഉ.(സാധാ) 1010/15/ പ.ജ.പ.വ.വി.വ., 17-07-2015-ലെ സ.ഉ. (സാധാ) നം. 2174/15/തസ്വഭവ എന്നിവ പ്രകാരം ഭവന നിർമ്മാണത്തിനുള്ള സഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ധന സഹായ ക്രമം താഴെപ്പറയും പ്രകാരമാണ്.<br>1). പൊതുവിഭാഗം - 2.00 ലക്ഷം<br>2). പട്ടികജാതി വിഭാഗം - 3.00 ലക്ഷം<br>3). പട്ടികവർഗ്ഗ വിഭാഗം - 3.50 ലക്ഷം<br><br>ഇതേസമയം തുക വർദ്ധിപ്പിച്ചതുമൂലം 161.88 കോടി രൂപ 32,376 ഗുണഭോക്താക്കൾക്ക് ഇനിയും നൽകാനുണ്ട്. |

**സെക്ഷൻ ഓഫീസർ**